**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ആലപ്പുഴ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബുഷ്റ ബീവി .എസ്. -പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2801/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 01.11.2018

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 06.02.2018 തിയതിയിലെ ഇ 3-33270/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി. ബുഷ്റ ബീവി .എസ്. ഓഫീസ് ജോലിക്കിടെ കയ്യിലെ തള്ളവിരലിന് മുറിവേറ്റ് ചികിത്സയിലായതിനാൽ 10.05.2017 മുതൽ 06.06.2017 വരെ ( 28 ദിവസം )പ്രത്യേക അവശതാവധി അനുവദിക്കുന്നതിലേയ്ക്ക് ടി കാലയളവിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ടിയാൾ സമർപ്പിച്ച അപേക്ഷ നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീമതി. ബുഷ്റ ബീവി .എസ്. ആഫീസ് ജോലിക്കിടെ കയ്യിലെ തള്ളവിരലിന് മുറിവേറ്റ് ചികിത്സയിലായതിനാൽ 10.05.2017 മുതൽ 06.06.2017 വരെയുള്ള കാലയളവ് കെ എസ് ആർ പാർട്ട് 1 ചട്ടം 98 ഉം അതിന് ചുവടെയുള്ള നിബന്ധനയും പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. ബുഷ്റ ബീവി, സീനിയർ ക്ളർക്ക്, ആലപ്പുഴ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ